നിയമസഭ 2017 ജൂൺ മാസം 08-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## കന്നുകാലി കശാപ്പ് വിലക്കൽ

മി. സ്പീക്കർ: ഓർഡർ......., ഓർഡർ ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം.

രാജ്യം അസാധാരണമായ ഒരു സാഹചര്യത്തിലേയ്ക്ക് നീങ്ങുന്ന ഒരവസ്ഥയിലാണ് നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും സംയുക്തമായി തീരുമാനിച്ചിരിക്കുന്നത്. നമ്മുടെ ഭരണഘടന വിഭാവന ചെയ്യുന്ന സുരക്ഷിതത്വവും സംരക്ഷണവും എല്ലാ വിഭാഗം ജനങ്ങൾക്കും ഉറപ്പ് വരുത്തുമോയെന്ന ആശങ്ക ഈ സഭ ചർച്ച ചെയ്യണമെന്ന ആവശ്യമാണ് ഉയർന്നുവന്നിരിക്കുന്നത്. ഫെഡറൽ അന്ത:സത്തയുടെ ഉള്ളടക്കത്തിൽനിന്ന് വ്യതിചലനമുണ്ടാകുമോയെന്ന ആശങ്കയും ഇത്തരമൊരു ചർച്ചയ്ക്ക് ഉപോൽബലകമായിട്ടുണ്ട്. രാജ്യത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് അഭിസംബോധന ചെയ്യുന്നതിൽ ഇന്ത്യയിലെ മറ്റ് നിയമസഭകളിൽനിന്നും വ്യത്യസ്തമായി മുമ്പേ പറക്കുന്ന പക്ഷിയാണ് കേരള നിയമസഭ എന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട്

രാജ്യത്ത് ആദ്യമായി ഒരു നിയമസഭ ഈ വിഷയം ചർച്ച ചെയ്യുകയാണ്. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം.......